സ്വാശ്രയ പ്രൊഫഷണൽ കോഴ്സുകളിലെ അഡ്മിഷനും ഫീസും

60 [2366] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) സ്വാശ്രയ പ്രൊഫഷണൽ കോഴ്സുകളിലെ അഡ്മിഷനും ഫീസും സംബന്ധിച്ച് വിദ്യാർത്ഥികളും പ്രക്ഷോഭത്തിലേക്ക് പോകാൻ ഇടയായ സാഹചര്യം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഏങ്കിൽ എന്തെല്ലാം പ്രശ്നങ്ങളാ ഉന്നയിച്ചാണ് വിദ്യാർത്ഥികളും പ്രക്ഷോഭം നടത്തിയതെന്ന് വ്യക്തമാക്കുമോ;

(സി) പ്രക്ഷോഭത്തെത്തുടർന്ന് സർക്കാരും വിദ്യാർത്ഥി പ്രതിനിധികളും തമ്മിൽ നടന്ന ചർച്ചകളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സർക്കാർ എന്തെല്ലാം ഉറപ്പുകളാണ് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഇ) സ്വാശ്രയ പ്രൊഫഷണൽ കോഴ്സുകളിലെ അഡ്മിഷൻ, ഫീസ് നിരക്ക് എന്നിവ സംബന്ധിച്ച് ശേഷിക്കുന്ന പ്രശ്നങ്ങളും എങ്ങനെ പരിഹരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിദ്യാർത്ഥി സംഘടനകളും സമരത്തിനാധാരമായി ഉന്നയിച്ച പ്രധാന ആവശ്യം സ്വാശ്രയ കോളേജുകളിലെ മെറിറ്റ് സീറ്റിലെ ഫീസ് സർക്കാർ കോളേജിലെ ഫീസിനു തുല്യമാക്കുക എന്നതായിരുന്നു.

(സി, ഡി) സർക്കാരും വിദ്യാർത്ഥി പ്രതിനിധികളുമായുള്ള ചർച്ചകളിൽ CAPE-ന്റെ കീഴിലുള്ള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ മെറിറ്റ് സീറ്റിൽ പ്രവേശിക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് കോളേജുകളിലെ ഫീസ് നിരക്ക് ബാധകമാക്കുമെന്നും പരിയാരം, കൊച്ചി മെഡിക്കൽ കോളേജുകളിലെ മെറിറ്റ് സീറ്റുകളിൽ കഴിഞ്ഞ വർഷം പ്രവേശിപ്പിക്കപ്പെട്ട വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് നിരക്കിലുള്ള ഫീസ് ബാധകമാക്കാമെന്നും സമ്മതിച്ചു. ഇക്കൊല്ലം കൗൺസിലിംഗ് പൂർത്തിയായ സാഹചര്യത്തിൽ പരിയാരം, കൊച്ചി മെഡിക്കൽ കോളേജുകളിലെ മെറിറ്റ് സീറ്റിൽ പ്രവേശനം കിട്ടുന്ന വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് ഫീസ് നടപ്പിലാക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കാമെന്നും തീരുമാനിച്ചു. ഇതിന് പ്രായോഗിക ബുദ്ധിമുട്ട് ഉണ്ടാവുകയാണെങ്കിൽ അത്തരം വിദ്യാർത്ഥികളെ മാറു വിധത്തിൽ സഹായിക്കുന്ന കാര്യവും പരിഗണിക്കുന്നതാണെന്നും തീരുമാനിച്ചു.

(ഇ) സ്വാശ്രയ പ്രൊഫഷണൽ കോഴ്സുകളിലെ അഡ്മിഷൻ, ഫീസ് നിരക്ക് എന്നിവ സംബന്ധിച്ച് ബഹു. സുപ്രീംകോടതിയുടെ പൂർണ്ണമായ വിധി വരുന്ന മുറയ്ക്ക് ഉചിതമായ നടപടികളും സ്വീകരിക്കുന്നതാണ്.

സ്വാശ്രയ പ്രൊഫഷണൽ ബിരുദധാരികളുടെ തൊഴിൽ സാദ്ധ്യത

61 [2367] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിൽ സ്വകാര്യ സ്വാശ്രയ മേഖലയിൽ അനുവദിച്ച മെഡിക്കൽ, എഞ്ചിനീയറിംഗ്, നഴ്സിംഗ്, ഫാറ്റു പാരാ മെഡിക്കൽ, ബി.എഡ്. കോളേജുകളുടേയും ടി.ടി.സി. സെന്ററുകളുടേയും എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇവ ഓരോന്നും ഏതേത് മാനേജ്മെന്റിന്റെ കീഴിലാണെന്നും ഓരോ സ്ഥാപനത്തിലും ഏതെല്ലാം കോഴ്സുകൾ ഉണ്ട് എന്നും ഓരോന്നിലും എത്ര കുട്ടികൾക്ക് അഡ്മിഷൻ നൽകുന്നുണ്ട് എന്നും വ്യക്തമാക്കുമോ;

(സി) ഈ മേഖലയിൽനിന്നും പ്രതിവർഷം എത്ര പ്രൊഫഷണൽ വിദ്യാർത്ഥികളാണ് പഠിച്ച് പുറത്തിറങ്ങുന്നതെന്ന് വെളിപ്പെടുത്താമോ;

(ഡി) നിലവിലുള്ള സർക്കാർ സ്ഥാപനങ്ങളിൽനിന്നും പഠിച്ചിറങ്ങിയ ആയിരക്കണക്കിന് പ്രൊഫഷണൽ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ ലഭിക്കാത്ത ഇന്നത്തെ സാഹചര്യത്തിൽ സ്വാശ്രയ സ്ഥാപനങ്ങളിൽ നിന്നുകൂടി പഠിച്ചിറങ്ങുന്ന ആയിരക്കണക്കിന് ഉദ്യോഗാർത്ഥികളുടെ തൊഴിൽ സാദ്ധ്യതയെക്കുറിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ?

ഉത്തരം

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിൽ സ്വകാര്യ സ്വാശ്രയ മേഖലയിൽ 6 മെഡിക്കൽ കോളേജുകളും, 54 എഞ്ചിനീയറിംഗ് കോളേജുകളും, 43 നഴ്സിംഗ് കോളേജുകളും, 6 ഡന്റൽ കോളേജുകളും, 16 ഫാർമസി കോളേജുകളും, 6 ആയുർവേദ കോളേജുകളും, ലാബ് ടെക്നോളജി കോളേജ്, സിദ്ധ കോളേജ് എന്നിവ ഓരോന്നു വീതവും 86 ബി എഡ്. കോളേജുകളും അനുവദിച്ചിട്ടുണ്ട്. ടി.ടി.സി. സെന്ററുകളുടെ എണ്ണം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ഇത് സംബന്ധിച്ച വിശദാംശം അനുബന്ധം I, II, III, IV ആയി ചേർക്കുന്നു.†

(സി) ഇത് സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

(ഡി) സംസ്ഥാനത്ത് ഇനിയും പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ വേണമോ എന്നതു സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് നൽകാൻ പ്രൊഫ. ജയശങ്കർ ചെയർമാനായുള്ള കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ഇനിയും ബി.എഡ്. കോളേജ് സംസ്ഥാനത്ത് ആവശ്യമാണോ എന്ന പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കാർ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. തൊഴിൽ സാദ്ധ്യത സംബന്ധിച്ച് പ്രസ്തുത സമിതി പഠനം നടത്തുന്നതാണ്.

മെഡിക്കൽ എഞ്ചിനീയറിംഗ് സീറ്റുകൾ

62 [2368] ശ്രീ. കെ. കെ. ഷാജു:
,, ഉമ്മൻ ചാണ്ടിയിൽ:
,, എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് മെഡിക്കൽ, എഞ്ചിനീയറിംഗ് കോഴ്സുകളിൽ എത്ര സീറ്റുകൾ വീതം ഉണ്ടായിരുന്നു;

† ലൈബ്രറിയിൽ വെച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly